**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1901** **20-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യ വാഹൻ ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വിദ്യ വാഹൻ ആപ്ലിക്കേഷനെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (എ) | വിദ്യാർത്ഥികളുടെ സുരക്ഷയും റോഡ് സുരക്ഷയും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന മോട്ടോർ വാഹന വകുപ്പ് പുറത്തിറക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷൻ ആണ് വിദ്യാവാഹൻ ആപ്. ഈ സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം മൊബൈൽ ആപ് വഴി രക്ഷിതാക്കൾക്ക് സ്കൂൾ ബസുകളുടെ തത്സമയം ലൊക്കേഷൻ ലഭ്യമാക്കുക എന്നതാണ്. കേരളത്തിൽ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണിത്. ഈ സംവിധാനം ഉപയോഗിച്ച് സംസ്ഥാനത്തെ രക്ഷിതാക്കൾക്ക് അവരുടെ കുട്ടികളുടെ വാഹനങ്ങൾ എവിടെ നിന്നും ട്രാക്ക് ചെയ്യാൻ കഴിയും. സ്കൂൾ ബസ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ച് സ്കൂൾ അതോറിറ്റിക്ക് രക്ഷിതാക്കളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യാം. തുടർന്ന് രക്ഷിതാവിന് ഈ വിശദാംശങ്ങൾ മൊബൈൽ ആപിൽ രജിസ്റ്റർ ചെയ്യാനും അനുവദിച്ചിട്ടുള്ള സ്കൂൾ ബസുകളുടെ തത്സമയം ലൊക്കേഷനിലേക്കും മറ്റ് മൊബൈൽ ആപ് ഫീച്ചറുകളിലേക്ക് ആക്സസ് നേടാനും കഴിയും. സ്കൂൾ ബസുകളുടെ തൽസമയ ലൊക്കേഷന് പുറമേ വാഹനങ്ങളിൽ നിന്ന് പാനിക് ബട്ടൺ അമർത്തുക, അമിത വേഗത തുടങ്ങിയ അലർട്ടുകളെ കുറിച്ചുള്ള മറ്റു വിവരങ്ങളും രക്ഷിതാക്കൾക്ക് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ